Reg. No. : ......................................

Name : ..........................................

**Code No. 9025**

**Second Year – March 2018**

Time : 2½ Hours
Cool-off time : 15 Minutes

Part – III

# HISTORY

Maximum : 80 Scores

**(Map to Accompany)**

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. **Match column 'A' with appropriates from column 'B'.** **(Scores : 4 × 1 = 4)**

| A | B |
|---|---|
| Hastinapura Excavation | Gotami–Puta–Siri–Satakarni |
| Sudarsana Lake | V.S. Sukthankar |
| Satavahana | B.B. Lal |
| Critical Edition of Mahabharata | Rudradaman |

2. **Find the relation between the two parts of item 'a' and fill in the blanks of item 'b' accordingly.** **(Scores : 4 × 1 = 4)**

(i) (a) Panchayat Headman : Muqaddam

(b) Village Accountant : ..............

(ii) (a) Mallahzadas : Sons of boatmen

(b) Holalkhoran : ..............

(iii) (a) Land revenue assessed : Jama

(b) Land revenue collected : ..............

(iv) (a) The Ming : China

(b) The Safavid : ..............

3. **Arrange the following in chronological order :** **(Scores : 4 × 1 = 4)**

Santhal Revolt

Fifth Report

Deccan Riots

Permanent Settlement

1. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക. (സ്കോർസ് : 4 × 1 = 4)

| എ | ബി |
|---|---|
| ഹസ്തിനപുരം ഉത്ഖനനം | ഗൗതമി-പുത്ത-സിരി-ശതകണി |
| സുദർശന തടാകം | വി. എസ്. സുക്താങ്കർ |
| ശതവാഹനന്മാർ | ബി. ബി. ലാൽ |
| മഹാഭരതത്തിന്റെ വിമർശനാത്മക പതിപ്പ് | രുദ്രദാമൻ |

2. 'എ' വിഭാഗത്തിലെ രണ്ട് ഭാഗങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കി അതുപോലെ 'ബി' വിഭാഗം പൂരിപ്പിക്കുക. (സ്കോർസ് : 4 × 1 = 4)

(i) (a) പഞ്ചായത്ത് തലവൻ : മുഖാദം

(b) ഗ്രാമ കണക്കെഴുത്തുകാരൻ : ............

(ii) (a) മല്ലസദാസ് : തോണിക്കാരന്റെ മക്കൾ

(b) ഹലാൽഖൊറാൻ : ............

(iii) (a) തിട്ടപ്പെടുത്തിയ ഭൂനികുതി : ജമ

(b) ശേഖരിച്ച ഭൂനികുതി : ............

(iv) (a) ദി മിങ്ങ് : ചൈന

(b) ദി സഫാവിദ് : ............

3. താഴെ തന്നിരിക്കുന്നവയെ കാലഗണന ക്രമത്തിൽ എഴുതുക : (സ്കോർസ് : 4 × 1 = 4)

സന്താൾ കലാപം

അഞ്ചാം റിപ്പോർട്ട്

ഡക്കാൻ കലാപങ്ങൾ

ശാശ്വത ഭൂനികുതി വ്യവസ്ഥ

4. **Choose the correct answer from the given alternatives.** **(Scores : 4 × 1 = 4)**

(i) The British established spice plantation in Kerala at :

(a) Nilambur

(b) Ancharakandi

(c) Beypore

(d) Tirur

(ii) The Newspaper 'Rajyasamacharam' is associated with :

(a) Herman Gundert

(b) Benjamin Bailey

(c) Rev. Mead

(d) Arnos Pathiri

(iii) 'Mavilathodu' is associated with :

(a) Velu Thampi Dalawa

(b) Saktan Thampuran

(c) Pazhassi Raja

(d) Rama Namby

(iv) 'Atmavidya Sangham' was founded by :

(a) Vaikunda Swamikal

(b) Chattampi Swamikal

(c) Ayyan Kali

(d) Vaghbhatananda

5. **Identify the following places and mark them on the outline map of India provided :** **(Scores : 4 × 1 = 4)**

(i) The Harappan site in Haryana from where the terracotta models of plough found.

(ii) The Harappan site from where the remains of water reservoirs found.

(iii) The Harappan site from where the evidence of a ploughed field found.

(iv) The Harappan site from where the remains of Great Bath found.

4. ചുവടെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

(സ്കോർസ് : 4 × 1 = 4)

(i) ബ്രിട്ടീഷുകാർ കേരളത്തിൽ സുഗന്ധ വ്യഞ്ജന തോട്ടം സ്ഥാപിച്ച സ്ഥലം

(a) നിലമ്പൂർ

(b) അഞ്ചരക്കണ്ടി

(c) ബേപ്പൂർ

(d) തിരൂർ

(ii) 'രാജ്യസമാചാരം' എന്ന വർത്തമാനപത്രം ബന്ധപ്പെട്ടിരിക്കുന്നത് :

(a) ഹെർമ്മൻ ഗുണ്ടർട്ട്

(b) ബഞ്ചമിൻ ബെയ്‌ലി

(c) റവ. മീഡ്

(d) അർണോസ് പാതിരി

(iii) 'മാവിലത്തോട്' ബന്ധപ്പെട്ടിരിക്കുന്നത്

(a) വേലുത്തമ്പി ദളവ

(b) ശക്തൻ തമ്പുരാൻ

(c) പഴശ്ശി രാജ

(d) രാമ നമ്പി

(iv) 'ആത്മ വിദ്യാസംഘം' സ്ഥാപിച്ചത്

(a) വൈകുണ്ഠ സ്വാമികൾ

(b) ചട്ടമ്പി സ്വാമികൾ

(c) അയ്യൻകാളി

(d) വാഗ്ഭടാനന്ദൻ

5. താഴെ തന്നിരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തന്നിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക : (സ്കോർസ് : 4 × 1 = 4)

(i) കലപ്പയുടെ കളിമൺ രൂപങ്ങൾ ലഭിച്ച ഹരിയാനയിലെ ഒരു ഹാരപ്പൻ നഗരം.

(ii) ജലസംഭരണിയുടെ അവശിഷ്ടം കണ്ടെത്തിയ ഹാരപ്പൻ നഗരം.

(iii) ഉഴവുചാലിന്റെ അവശിഷ്ടം കണ്ടെത്തിയ ഹാരപ്പൻ നഗരം.

(iv) മഹാസ്നാന ഘട്ടത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയ ഹാരപ്പൻ നഗരം.

**Answer all questions from 6 to 12. Each carries 2 scores.** **(Scores : 7 × 2 = 14)**

6. Point out any two methods used by archaeologists to trace the social differences in Harappa.

7. Write any two elements to be considered while analyzing the text like Mahabharata.

8. Who was the leader of Virashaivas ? Why they were known as 'Lingayats' ?

9. What do you mean by 'Jins-i-Kamil' reffered in Mughal sources and give two examples.

10. 'The Salt Sathyagraha was notable for at least three reasons. The first one is that it brought Gandhiji to world attention.' Write the other two reasons.

11. Lahore Session of Indian National Congress (1929) was significant for two things. What are they ?

12. Write any two limitations of oral history.

**Answer any three questions from 13 to 16. Each carries 3 scores.** **(Scores : 3 × 3 = 9)**

13. Write any three reasons for the decline of Harappan culture.

14. Why Magadha became prominent among the 16 Mahajanapadas ? Write any three reasons.

**6 മുതൽ 12 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(സ്കോർസ് : 7 × 2 = 14)**

6. ഹാരപ്പയിലെ സാമൂഹ്യ വ്യത്യാസങ്ങൾ കണ്ടെത്തുന്നതിനായി പുരാവസ്തു ഗവേഷകർ ഉപയോഗിച്ച ഏതെങ്കിലും രണ്ട് രീതികൾ എഴുതുക.

7. മഹാഭാരതം പോലുള്ള ഗ്രന്ഥങ്ങൾ വിശകലനം ചെയ്യുമ്പോൾ പരിഗണിക്കേണ്ടുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.

8. വീരശൈവരുടെ നേതാവ് ആരായിരുന്നു ? അവരെ 'ലിംഗായത്തുകൾ' എന്ന് വിളിക്കുന്നതെന്തുകൊണ്ട്?

9. മുഗൾ ഉറവിടങ്ങളിൽ സൂചിപ്പിക്കുന്ന 'ജിൻസ്-ഇ-കാമിൽ' എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നതെന്ത്? രണ്ട് ഉദാഹരണങ്ങൾ എഴുതുക.

10. 'ഉപ്പു സത്യാഗ്രഹം കുറഞ്ഞത് മൂന്ന് കാരണങ്ങളാൽ ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഒന്നാമത്തേത് ഇത് ഗാന്ധിജിയെ ലോകശ്രദ്ധയ്ക്ക് മുന്നിൽ കൊണ്ടുവന്നു എന്നതാണ്.' മറ്റു രണ്ടെണ്ണമെഴുതുക.

11. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനം (1929) രണ്ട് കാര്യങ്ങൾ കൊണ്ട് പ്രാധാന്യമർഹിക്കുന്നു. അവ ഏതെല്ലാം ?

12. വാമൊഴി ചരിത്രത്തിന്റെ ഏതെങ്കിലും രണ്ട് പരിമിതികൾ എഴുതുക.

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(സ്കോർസ് : 3 × 3 = 9)**

13. ഹാരപ്പൻ സംസ്കാരത്തിന്റെ അധഃപതനത്തിനുള്ള ഏതെങ്കിലും മൂന്ന് കാരണങ്ങൾ എഴുതുക.

14. 16 മഹാജനപദങ്ങളിൽ മഗധ ശക്തമായി മാറിയത് എന്തുകൊണ്ട് ? ഏതെങ്കിലും 3 കാരണങ്ങൾ എഴുതുക.

**P.T.O.**

15. 'The ideas of Mahayana Buddhism reflects changes from the principles of Buddha.' Substantiate.

16. Suggest any three sources materials for knowing Mahatma Gandhi.

**Answer any four questions from 17 to 21. Each carries 4 scores.** **(Scores : $4 \times 4 = 16$)**

17. Explain the views of Megasthenes on the military administration of the Mauryas.

18. Analyse the background that led to the emergence of new religions in India.

19. What information do you get from the travelogues regarding the slaves and women of medieval India ?

20. Evaluate how the partition of India affected women.

21. Analyse the formation of multicultural settlements in ancient Kerala.

**Answer any one question from 22 and 23. Score Five.** **(Scores : $1 \times 5 = 5$)**

22. Illustrate the features of the main buildings in the Royal Centre of Vijayanagara.

23. 'Quit India Movement was a Mass Movement.' Substantiate.

15. 'മഹായാന ബുദ്ധമത ആശയങ്ങൾ ബുദ്ധന്റെ തത്വങ്ങളിൽ നിന്നുള്ള വ്യതിചലനം രേഖപ്പെടുത്തുന്നു.' സമർത്ഥിക്കുക.

16. മഹാത്മാ ഗാന്ധിയെ മനസ്സിലാക്കുന്നതിനുള്ള ഏതെങ്കിലും മൂന്ന് ഉറവിടങ്ങൾ നിർദ്ദേശിക്കുക

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** **(സ്കോർസ് : 4 × 4 = 16)**

17. മൗര്യന്മാരുടെ സൈനിക ഭരണത്തെ സംബന്ധിച്ച് മെഗസ്തനീസിന്റെ കാഴ്ചപ്പാടുകൾ വിവരിക്കുക.

18. ഇന്ത്യയിൽ പുതിയ മതങ്ങളുടെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്യുക.

19. മധ്യകാല ഇന്ത്യയിലെ അടിമകളേയും സ്ത്രീകളേയും സംബന്ധിച്ച എന്ത് വിവരങ്ങളാണ് നിങ്ങൾക്ക് സഞ്ചാരക്കുറിപ്പുകളിൽ നിന്ന് ലഭിക്കുന്നത് ?

20. ഇന്ത്യാ വിഭജനം സ്ത്രീകളെ എങ്ങനെയാണ് ബാധിച്ചതെന്ന് വിലയിരുത്തുക.

21. പ്രാചീന കേരളത്തിൽ ബഹു സാംസ്കാരിക അധിവാസ കേന്ദ്രങ്ങളുടെ രൂപീകരണം വിശകലനം ചെയ്യുക.

**22, 23 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.**

**(സ്കോർസ് : 1 × 5 = 5)**

22. വിജയനഗരത്തിലെ രാജകീയ കേന്ദ്രത്തിലെ പ്രധാന നിർമ്മിതികളുടെ സവിശേഷതകൾ വിശദീകരിക്കുക.

23. 'ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം ഒരു ജനകീയ പ്രസ്ഥാനമായിരുന്നു.' സാധൂകരിക്കുക.

**Answer any two questions from 24 to 26. Each carries 8 scores.** **(Scores : 2 × 8 = 16)**

24. Kitab-ul-Hind and Rihla gives us ample information regarding Medieval Indian Society; especially about the Caste System and the Cities. Substantiate the statement.

25. 'The daily routine and special festivities associated with the Mughal court was an expression of the power of the emperor.' Analyse the validity of the statement.

26. Do the visual representations tell us the story of the revolt of 1857 ? How these representations were analysed by the historians ?

---

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വിതം.** **(സ്കോർസ് : 2 × 8 = 16)**

24. കിതാബ്-അൽ-ഹിന്ദും റിഹ്ളയും മധ്യകാല ഇന്ത്യൻ സമൂഹത്തെ കുറിച്ച്, വിശിഷ്യാ ജാതി വ്യവസ്ഥയേയും നഗരങ്ങളേയും കുറിച്ച് ധാരാളം വിവരങ്ങൾ നല്കുന്നുണ്ട്. ഈ പ്രസ്താവന സാധൂകരിക്കുക.

25. 'മുഗൾ കൊട്ടാരത്തിലെ ദൈനംദിന ചടങ്ങുകളും പ്രത്യേക ആഘോഷങ്ങളും ചക്രവർത്തിയുടെ അധികാരം പ്രകടിപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു.' ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

26. ദൃശ്യ ആവിഷ്കാരങ്ങൾ 1857 ലെ കലാപത്തിന്റെ കഥ നമ്മളോട് പറയുന്നുണ്ടോ ? ഈ ആവിഷ്കാരങ്ങളെ ചരിത്രകാരന്മാർ എങ്ങനെയാണ് വിശകലനം ചെയ്തത് ?


**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വീതം.** **(സ്കോർസ് : 2 × 8 = 16)**

24. കിതാബ്-അൽ-ഹിന്ദും റിഹ്‌ലയും മധ്യകാല ഇന്ത്യൻ സമൂഹത്തെ കുറിച്ച്, വിശിഷ്യാ ജാതി വ്യവസ്ഥയേയും നഗരങ്ങളേയും കുറിച്ച് ധാരാളം വിവരങ്ങൾ നല്കുന്നുണ്ട്. ഈ പ്രസ്താവന സാധൂകരിക്കുക.

25. 'മുഗൾ കൊട്ടാരത്തിലെ ദൈനംദിന ചടങ്ങുകളും പ്രത്യേക ആഘോഷങ്ങളും ചക്രവർത്തിയുടെ അധികാരം പ്രകടിപ്പിക്കുന്ന വിധത്തിലുള്ളതായിരുന്നു.' ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

26. ദൃശ്യ ആവിഷ്കാരങ്ങൾ 1857 ലെ കലാപത്തിന്റെ കഥ നമ്മളോട് പറയുന്നുണ്ടോ ? ഈ ആവിഷ്കാരങ്ങളെ ചരിത്രകാരന്മാർ എങ്ങനെയാണ് വിശകലനം ചെയ്തത് ?

---


N